## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **08-12-2022 - ൽ മറുപടിയ്ക്ക്**

## കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മറൈൻ ബിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർന് നടപ്പിലാക്കുന്ന മറൈൻ ബിൽ സംബന്ധിച്ച നിർദേശങ്ങൾ സംസ്ഥാന സർക്കാറിന് ലഭ്യമായിട്ടുണ്ടോ; | (എ) | മറൈൻ കരട് ബിൽ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് ലഭ്യമായിട്ടുണ്ട്. |
| (ബി) | ബില്ലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾക്ക് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ, സംസ്ഥാന താല്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനം വളരെ ഗുണകരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിച്ചിരുന്നു. പ്രസ്തുത ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റ് കേന്ദ്ര സർക്കാർ ഇപ്പോൾ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കരട് ഇന്ത്യൻ മറൈൻ ഫിഷറീസ് ബില്ലിൽ ആദ്യ ഘട്ടത്തിൽ അൻപത്തിയേഴ് തിരുത്തലുകളും രണ്ടാം ഘട്ടത്തിൽ നാൽപ്പതോളം തിരുത്തലുകളും കേരളം നിർദ്ദേശിയ്ക്കുകയുണ്ടായി.<br><br>2021 ഫൈനൽ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ കൂടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. ഫൈനൽ ഡ്രാഫ്റ്റ് അന്തിമമാക്കുന്നതിന് മുമ്പ് മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്യണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

1. 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

2. കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെൻറ്) ബിൽ- 2019-ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തണം.
3. നിയമലംഘനം പരിശോധി ക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
4. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/ മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
5. തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
6. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
7. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
8. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
9. സംസ്ഥാനത്തിൻറെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
10. മത്സ്യ വിഭവ പരിപാലനം, മാനേജ്മെൻറ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെൻറ് സംവിധാനം കൊണ്ട് വരണം.
11. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
12. നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം

13. മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
14. ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.
15. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
16. "മത്സ്യബന്ധനയാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ കൂടി ഉൾപ്പെടുത്തണം.
17. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

-

## അനുബന്ധം 2

a. കരട് ബില്ല് എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെയും (EEZ, കരയിൽ നിന്ന് പന്ത്രണ്ട് മുതൽ ഇരുന്നൂറു നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ) ഹൈ സീയിലെയും (High Sea, കരയിൽ നിന്ന് ഇരുന്നൂറ് നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കടൽ പ്രദേശങ്ങൾ) മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിയ്ക്കുന്നതിനാണെന്നു ആമുഖത്തിൽ സൂചിപ്പിയ്ക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുള്ള ടെറിറ്റോറിയൽ കടലിലും വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകൾ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിറ്റോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസന, പരിപാലന പ്ലാനുകൾ ഉണ്ടാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ് .

b. കരട് ബില്ലിൽ പങ്കാളിത്ത മാനേജ് മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യ വിഭവങ്ങളുടെ കൈകാര്യ കർത്താക്കളായ മത്സ്യത്തൊഴിലാളികളെക്കൂടി വിഭവ സംരക്ഷണ/പരിപാലന ചുമതലകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്ന മാനേജ് മെന്റ് കമ്മറ്റികൾ ഉണ്ടാവേണ്ടതുണ്ട്.

c. ചെറുകിട മത്സ്യത്തൊഴിലാളികളുടെ (Small scale fishers) നിർവ്വചനം കൂടുതൽ കൃത്യതയോടെ വേണം. അല്ലാത്ത പക്ഷം വൻകിട മത്സ്യബന്ധന യാനങ്ങളും ഇതിന്റെ പരിധിയിൽ വരാൻ സാധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യബന്ധന യൂണിറ്റുകളും (യന്ത്രവത്കൃത ബോട്ടുകൾ ഉൾപ്പെടെ) കരട് ബില്ലിലെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിൽ ഉൾപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത ബോട്ടുടമകളിൽ നിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കാവുന്നതാണ്.

d. മത്സ്യബന്ധന യാനകളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് രൂപീകരിക്കുന്ന Marine Fisheries Development Fund മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

e. 12 NM നകത്തുള്ള വികസന പ്രവർത്തനങ്ങൾ ആർട്ടിഫിഷ്യൽ റീഫ്, സീ റാഞ്ചിങ്, റീക്രീയേഷൻ ഫിഷിങ്, അക്വാ സ്പോർട്സ്, മറൈൻ ടൂറിസം എന്നിവ നടത്തുന്നതിനുള്ള

അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്. No Fishing Zones, Spatial and temporal closures എന്നിവ നടപ്പിലാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.